**പതിനാലാം കേരള നിയമസഭ**

**പത്താം സമ്മേളനം**

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം. 6228 — 02.04.2018 -ൽ മറുപടിക്ക്

## തീർത്ഥാടന ടൂറിസം പദ്ധതി

**ചോദ്യം**

ശ്രീ. ആർ. രാമചന്ദ്രൻ

**ഉത്തരം**

ശ്രീ. കടകംപള്ളി സുരേന്ദ്രൻ
(സഹകരണവും വിനോദസഞ്ചാരവും ദേവസ്വവും വകുപ്പ് മന്ത്രി)

എ) കേരളത്തിലെ വിവിധ മതസ്ഥരുടെ തീർത്ഥാടന കേന്ദ്രങ്ങളെയും സമീപമുള്ള വിനോദ സഞ്ചാര കേന്ദ്രങ്ങളെയും ബന്ധപ്പെടുത്തി തീർത്ഥാടന ടൂറിസം പദ്ധതി നടപ്പിലാക്കുന്നതിന് പദ്ധതി തയ്യാറാക്കുമോ; വിശദീകരിക്കാമോ;

എ) തീർത്ഥാടന കേന്ദ്രങ്ങളിൽ അടിസ്ഥാന സൗകര്യം വികസിപ്പിക്കുന്നതിനുള്ള പദ്ധതി ഇപ്പോൾത്തന്നെ ടൂറിസം വകുപ്പ് നടപ്പിലാക്കി വരുന്നുണ്ട്. തീർത്ഥാടന കേന്ദ്രങ്ങളെയും സമീപ വിനോദസഞ്ചാര കേന്ദ്രങ്ങളെയും ബന്ധപ്പെടുത്തിയുള്ള പദ്ധതി ഇപ്പോൾ പരിഗണനയിലില്ല.

ബി) ഇതര സംസ്ഥാനക്കാരെ ആകർഷിക്കുന്നതിനുവേണ്ടി ഇപ്രകാരമുള്ള ടൂറിസ്റ്റ് പാക്കേജുകൾ വെബ് സൈറ്റിൽ പ്രസിദ്ധീകരിക്കുന്നതിന് നടപടി സ്വീകരിക്കുമോ;

ബി) വിനോദസഞ്ചാര വകുപ്പ് നേരിട്ട് ടൂറിസ്റ്റ് പാക്കേജുകൾ നടപ്പിലാക്കുന്നില്ല. വിനോദ സഞ്ചാര വകുപ്പ് അക്രഡിറ്റേഷൻ നൽകിയിട്ടുള്ള ടൂർ ഓപ്പറേറ്റർമാരുടെ വിശദാംശം ടൂറിസം വകുപ്പിന്റെ വെബ്സൈറ്റിൽ ലഭ്യമാണ്. ഈ ടൂർ ഓപ്പറേറ്റർമാർ ടൂറിസ്റ്റ് പാക്കേജുകൾ ലഭ്യമാക്കുന്നുണ്ട്.

സി) ജില്ലാ ടൂറിസം പ്രൊമോഷൻ കൗൺസിലുകൾ ഓരോ ജില്ലയിലെയും ഇത്തരം പാക്കേജുകൾ രാജ്യാന്തര ശ്രദ്ധയിൽ കൊണ്ടുവരുന്നതിന് മുൻകൈയെടുക്കാൻ നടപടി സ്വീകരിക്കുമോ?

സി) ടൂറിസം വകുപ്പ് പങ്കെടുക്കുന്ന രാജ്യാന്തര ടൂറിസം മേളകളിൽ ടൂർ ഓപ്പറേറ്റർമാർ ഇത്തരം പാക്കേജുകൾ അവതരിപ്പിക്കാറുണ്ട്.

സെക്ഷൻ ഓഫീസർ